ഐടിഡി 46623/2017

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 12.10.2017
Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

## സർക്കുലർ നമ്പർ.43/2017

വിഷയം:- സഹകരണവകുപ്പ് - ആധുനികവൽക്കരണം - ഐ സി ഡി എം എസ് പദ്ധതി - സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- -

സഹകരണ വകുപ്പിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായുള്ള ഇന്റഗ്രേറ്റഡ് കോ-ഓപറേറ്റീവ് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം (ഐ സി ഡി എം എസ്) പദ്ധതിയിലെ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാഭേദഗതി എന്നിവയ്ക്കായുള്ള രജിസ്ട്രേഷൻ & ബൈലാ ഭേദഗതി മോഡ്യൂൾ പ്രവർത്തനസജ്ജമായിട്ടുണ്ട്

മേൽ സാഹചര്യത്തിൽ 04/10/2017 മുതലുള്ള സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ അതാത് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് വഴി പൂർണ്ണമായും ഓൺലൈൻ ആയിതന്നെ സമർപ്പിക്കേണ്ടതാണ്. ഇതിനായുള്ള വെബ് അഡ്രസ്സ് http://icdms.kerala.gov.in എന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള യൂസർ ഐഡി/ പാസ്‌വേർഡ് സഹകരണ സംഘം രജ്സ്ട്രാർ ആഫീസിലെ ഐടി സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്. ടി മോഡ്യൂളുകളുടെ ഉപയോഗം/പ്രവർത്തനം വിശദമാക്കുന്ന യൂസർ മാനുവൽ http://icdms.kerala.gov.in എന്ന ആപ്ലിക്കേഷനിൽ തന്നെ ലഭ്യമാണ്.

നിലവിലെ സഹകരണ സംഘങ്ങളെ സംബന്ധിച്ച് http://icdms.kerala.gov.in എന്ന ആപ്ലിക്കേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ അതാത് അസിസ്റ്റന്റ് രജിസ്ട്രാർമാർ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും തിരുത്തലുകൾ ഉണ്ടെങ്കിൽ വരുത്തേണ്ടതുമാണ്. കൂടാതെ തങ്ങളുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളുടേയും വിവരങ്ങൾ ടി ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ സ്വീകരിക്കേണ്ടതാണ് അതോടൊപ്പം ഈ ആപ്ലിക്കേഷന്റെ ഉപയോഗം സംബന്ധിച്ച് നിലവിൽ പരിശീലനം ലഭിച്ച ജില്ലാതല ഉദ്യോഗസ്ഥരെ ഉപയോഗിച്ച് താലൂക്ക്തലത്തിലെ ഉദ്യോഗസ്ഥർക്കു കൂടി പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**എസ്.ലളിതാംബിക.ഐ.എ.എസ്**
സഹകരണ സംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ്രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
6. വെബ്സൈറ്റ്
7. സ്റ്റോക്ക്ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ / നോഡൽ ഓഫീസർ